പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## കേസുകൾ കേന്ദ്ര ഏജൻസിയെ ഏൽപ്പിക്കുന്ന സാഹചര്യം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 307 14/03/2017-ൽ മറുപടിക്ക്

ചോദ്യം

ശ്രീ.പി.ടി.എ.റഹീം

ശ്രീ.എ.പ്രദീപ് കുമാർ

ശ്രീ. എ.എൻ. ഷംസീർ

ശ്രീ. എം.രാജഗോപാലൻ

മറുപടി

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനുമായി പോലീസിൽ വെവ്വേറെ വിംഗുകൾ രൂപീകരിക്കുന്നതുകൊണ്ട് ഉണ്ടാകാനിടയുള്ള നേട്ടങ്ങൾ എന്തൊക്കെയാണ് ; | (എ) | പോലീസിൽ ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനുമായി വെവ്വേറെ വിംഗുകൾ രൂപീകരിക്കുന്നതുകൊണ്ട് ക്രമസമാധാനപാലനത്തിൽ ഉൾപ്പെടെ പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, കേസന്വേഷണം ഊർജ്ജിതമാക്കുന്നതിനും കഴിയും. കേസുകളുടെ അന്വേഷണം വളരെ വേഗത്തിൽ പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് കുറ്റവാളികൾക്ക് നിയമം അനുശാസിക്കുന്ന തരത്തിൽ പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതിനും നീതി ലഭിക്കുന്നതിനുമുള്ള അവസരം ഉണ്ടാകുന്നു. |
| (ബി) | കേസ് അന്വേഷണത്തിൽ സംസ്ഥാന പോലീസ് മികവുറ്റതാണെന്ന വസ്തുത പരക്കെ അംഗീകരിക്കപ്പെട്ടതിനാൽ അന്തർ സംസ്ഥാന ബന്ധമില്ലാത്ത കേസുകളും തീവ്രവാദ, രാജ്യദ്രോഹകുറ്റങ്ങൾ ഉൾപ്പെടാത്ത കേസുകളും കേന്ദ്ര ഏജൻസിയെ ഏൽപ്പിക്കേണ്ട സാഹചര്യമുണ്ടോ ; | (ബി) | ഉണ്ട്. കേസ് അന്വേഷണത്തിൽ സംസ്ഥാന പോലീസ് മികവുറ്റതാണെന്ന വസ്തുത അംഗീകരിക്കപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ചട്ടക്കൂടിൽ അങ്ങേയറ്റം ക്ലേശകരമായ കേസന്വേഷണം പൂർത്തിയാക്കുന്നതിനും നിയമപരിപാലനം ഉറപ്പാക്കുന്നതിനും പോലീസ് പരമാവധി ക്രിയാത്മകമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രമാദമായ കേസുകളുടെ അന്വേഷണം ബഹു. കോടതിയുടെ നിർദ്ദേശ പ്രകാരമോ, പൊതുജന താല്പര്യാർത്ഥമോ സർക്കാർ തീരുമാന പ്രകാരമോ, സംസ്ഥാന പോലീസിന്റെ അധികാര പരിധിയ്ക്ക് പുറത്തുള്ള കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടതോ ആയ കേസുകളിലാണ് കേന്ദ്ര അന്വേഷണ ഏജൻസിയെ ഏൽപ്പിക്കേണ്ടുന്ന സാഹചര്യം ഉണ്ടാവുന്നത്. അത്തരം സാഹചര്യങ്ങളിൽ അല്ലാത്ത കേസുകളിൽ കേന്ദ്ര ഏജൻസികളുടെ ഇടപെടൽ ആവശ്യമില്ല. |

| | | | |
|---|---|---|---|
| (സി) | സി.ബി.ഐ.യെ കേസ്സ് ഏൽപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ അറിയിക്കാമോ ; | (സി) | സാധാരണയായി അന്താരാഷ്ട്ര-അന്തർ സംസ്ഥാന (International/ Interstate ramification) വ്യാപ്തിയുള്ളതോ രാജ്യ സുരക്ഷയുമായി ബന്ധപ്പെട്ടതോ ആയ കേസുകളാണ് സി.ബി.ഐ.യ്ക്ക് കൈമാറാറുള്ളത്. ഇപ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ഒരു ക്രൈം കേസ് സി.ബി.ഐ.യ്ക്ക് കൈമാറുന്നതിന് Delhi Special Police Establishment Act, 1946, 6-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമായതിനാൽ ഓരോ കേസിലും അനുമതി അറിയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നു. സംസ്ഥാന സർക്കാർ സി.ബി.ഐ.യ്ക്ക് കൈമാറുവാൻ വിജ്ഞാപനം പുറപ്പെടുവിക്കുന്ന കേസുകളിൽ കേന്ദ്ര പേഴ്സണൽ മന്ത്രാലയം സി.ബി.ഐ.യുമായി കൂടിയാലോചിച്ച ശേഷം കേസ് ഏറ്റെടുക്കുന്ന വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുകയും കേസന്വേഷണം ഏറ്റെടുക്കുന്ന പക്ഷം വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്യുന്നു.<br>ഇതു കൂടാതെ Article 226, CrPC 482 എന്നിവ പ്രകാരം ഹൈക്കോടതികൾ കേസന്വേഷണം സി.ബി.ഐ.യെ ഏൽപ്പിക്കുന്നതിന് നിർദ്ദേശം നൽകാറുമുണ്ട്. ഇപ്രകാരം കോടതി നിർദ്ദേശപ്രകാരം കേസ് സി.ബി.ഐ.യ്ക്ക് വിടുന്നതിന് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കാറില്ല. |
| (ഡി) | തലശ്ശേരി ഫസൽ വധക്കേസിലുൾപ്പെടെ രാഷ്ട്രീയ വിധേയത്വം പ്രകടമാക്കിയിട്ടുള്ള സി.ബി.ഐ.യെ വിവിധ കേസുകൾ തങ്ങളുടെ ഇഷ്ടപ്രകാരം ഏൽപ്പിക്കുമെന്ന് കേന്ദ്ര ഭരണ കക്ഷി നേതാക്കൾ നടത്തുന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തുറന്ന് കാട്ടാൻ നടപടിയുണ്ടാകുമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്രകാരമുള്ള വാർത്തകൾ മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ